ഏതെങ്കിലും ഒരു തൊഴിൽ മേഖലയിൽ നൈപുണ്യം നൽകുക, ഈ കുട്ടികളുടെ തൊഴിൽ ക്ഷമത വർദ്ധിപ്പിക്കുക, 35 കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ ആരംഭിക്കുക, സ്കിൽ ഡെവലപ്മെന്റ് സെന്റർ ആയി പ്രവർത്തിക്കുന്ന നിലവിലുള്ള സർക്കാർ സ്കൂൾ/കോളേജുകളെ നവീകരിക്കുക, 900 സ്ഥാപനങ്ങളെ അസാപ് പദ്ധതിയിൽ ചേർക്കുക, 2000 ത്തോളം സ്കിൽ ഡെവലപ്മെന്റ് എക്സിക്യൂട്ടീവുകളെ കണ്ടെത്തുക തുടങ്ങിയവയാണ് ഇതിന്റെ വ്യവസ്ഥകൾ.

(ബി) ആദ്യ ഘട്ടത്തിൽ 35 കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ ആരംഭിക്കാൻ നടപടി സ്വീകരിച്ചുവരുന്നു. ഇതിനു ആവശ്യമായ സർക്കാർ ഭൂമി ലഭ്യമാക്കാൻ എം.എൽ.എ.മാരോട് അഭ്യർത്ഥിച്ചിട്ടുണ്ട്. 15000 മുതൽ 20000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള സ്കിൽ ട്രെയിനിംഗ് സെന്ററുകളായിരിക്കും കമ്മ്യൂണിറ്റി സ്കിൽ പാർക്ക്. ഇവയിൽ ഹെവി മെഷിനറി, ഐ.ടി. പ്രിവിഷൻ, ആക്ടിവിറ്റി എന്നിവ അടിസ്ഥാനമാക്കിയ തൊഴിൽ പരിശീലനത്തിന് സൗകര്യമുണ്ടായിരിക്കും.

## ഹയർസെക്കന്ററി വിദ്യാഭ്യാസ വകുപ്പ് HSST ജിയോളജി (സീനിയർ) തസ്തിക

**112(3023)** ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹയർസെക്കന്ററി വിദ്യാഭ്യാസ വകുപ്പ് HSST ജിയോളജി (സീനിയർ) തസ്തികയിൽ 2012-ന് ശേഷം പുതുതായി അംഗീകാരം ലഭിച്ച എത്ര തസ്തികകളാണുള്ളതെന്ന് വിശദീകരിക്കുമോ ;

(ബി) ഇതിൽ എത്ര തസ്തികകളാണ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(സി) റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിൽ എന്ത് കാരണത്താലാണ് റിപ്പോർട്ട് ചെയ്യാതിരിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) പുതുതായി അംഗീകാരം ലഭിച്ചതോ, ഒഴിവുവരുന്നതോ ആയ തസ്തികകളിൽ എത്ര ശതമാനമാണ് ബൈട്രാൻസ്ഫർ നിയമനത്തിനായി നീക്കിവയ്ക്കാൻ കഴിയുക എന്ന കാര്യം വിശദമാക്കുമോ ;

(ഇ) നിലവിൽ ബൈട്രാൻസ്ഫർ നിയമനത്തിന് അപേക്ഷ ക്ഷണിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അപേക്ഷ ക്ഷണിക്കാത്ത കാര്യത്തിനായി തസ്തികകൾ മാറ്റിവയ്ക്കാൻ സാധിക്കുമോ ; ആയത് ഏത് നിയമപ്രകാരമാണെന്ന് വിശദീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## ഉത്തരം

(എ) രണ്ട് തസ്തികകൾ.

(ബി) പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല.

(സി) 31-8-2013-ലാണ് രണ്ട് തസ്തികകൾ എച്ച്.എസ്.എസ്.റ്റി.ജിയോളജി (സീനിയർ) വിഭാഗത്തിൽ നിലവിൽ വന്നത്. ഈ തസ്തികകളിൽ സ്പെഷ്യൽ റൂൾ പ്രകാരം തസ്തികമാറ്റ നിയമനം നൽകുന്നതിന് യോഗ്യരായ ജൂനിയർ എച്ച്.എസ്.എസ്.റ്റി.-മാർ ഇല്ലെന്ന് ഉറപ്പ് വരുത്തിയതിനുശേഷംമാത്രമേ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ സാധിക്കുകയുള്ളൂ.

(ഡി) ഹയർസെക്കന്ററി സ്പെഷ്യൽ റൂൾസ് പ്രകാരം യോഗ്യരായ എച്ച്.എസ്.എസ്.ടി.(ജൂനിയർ) അദ്ധ്യാപകരെയാണ് സ്ഥാനക്കയറ്റം നൽകി എച്ച്.എസ്.എസ്.റ്റി. ആയി നിയമിക്കുന്നത്. അവരുടെ അഭാവത്തിൽ ആകെ ഒഴിവുകളുടെ 25% യോഗ്യരായ ഡിപ്പാർട്ടുമെന്റൽ അദ്ധ്യാപകരുടെ (എച്ച്.എസ്.എ/ യു.പി.എസ്.എ/എൽ.പി.എസ്.എ) തസ്തികമാറ്റ നിയമനം വഴിയും 75% നേരിട്ടുള്ള നിയമനംവഴിയും നികത്തുന്നു. എച്ച്.എസ്.എസ്.ടി.(ജൂനിയർ) തസ്തികയിലെ ആകെ ഒഴിവുകളുടെ 25% ഡിപ്പാർട്ടുമെന്റൽ അദ്ധ്യാപകരിൽനിന്നും തസ്തികമാറ്റ നിയമനംവഴിയും 75%നേരിട്ടുള്ള നിയമനംവഴിയും നികത്തുന്നു.

(ഇ) ഇല്ല. ഹയർസെക്കന്ററി അദ്ധ്യാപകരുടെ നിയമനത്തിനുള്ള സ്പെഷ്യൽ റൂൾസ് പ്രകാരം സീനിയർ തസ്തികയിലേയ്ക്ക് പ്രൊമോഷൻ ലഭിക്കാൻ യോഗ്യതയുള്ള എച്ച്.എസ്.എസ്.ടി.(ജൂനിയർ) അദ്ധ്യാപകർ ഉണ്ടെങ്കിൽ ടി തസ്തികകൾ യോഗ്യരായ എച്ച്.എസ്.എസ്.ടി.(ജൂനിയർ) അദ്ധ്യാപകർക്ക് മാറ്റിവയ്ക്കേണ്ടതാണ്. യോഗ്യരായ എച്ച്.എസ്.എസ്.ടി.(ജൂനിയർ) അദ്ധ്യാപകർ ഇല്ലെങ്കിൽ മാത്രമേ ഒഴിവുകൾ 1:3 എന്ന അനുപാതത്തിൽ വിഭജിച്ച് തസ്തികമാറ്റനിയമനം മുഖേനയും നേരിട്ടുള്ള നിയമനം മുഖേനയും നികത്തുവാൻ കഴിയുകയുള്ളൂ.